(ബി) ഏറ്റവും ഒടുവിലത്തെ ലഭ്യമായ കണക്കനുസരിച്ച് 31-12-1999 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 39,00,641 ആണ്.

(സി) ഈ കാലയളവിൽ (1-5-1996 മുതൽ 31-12-1999 വരെ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 72,039 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദവിഭാഗം ആരംഭിക്കാൻ നടപടി

78 (1745) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദവിഭാഗം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സ്ഥലം എം. എൽ. എ. യിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രിയിൽ ആയുർവേദ വിഭാഗം ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) ഈ കാര്യം പരിശോധിച്ചുവരുന്നു.

ബാലവേലയ്ക്കെതിരെ നിയമഭേദഗതി

79 (1746) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലുവയസ്സിൽ താഴെയുള്ള കുട്ടികളെ വീട്ടുവേല ചെയ്യിക്കുന്നതു നിരോധിച്ചുകൊണ്ടുള്ള നിയമഭേദഗതി വരുത്തണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന ഗവൺമെന്റിനോടാവശ്യപ്പെട്ടിരുന്നുവോ ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly